ശ്രീ. കെ. എം. ജോർജ്ജ്: ഈ തിരുവനന്തപുരത്തു പ്രത്യേകിച്ചും ഈ തലസ്ഥാനനഗരിയിൽനിന്നും പുറത്തു് ഏതെങ്കിലും പട്ടണത്തിൽ ഈ സംസ്ഥാനത്തിനകത്തുതന്നെ വളരെ ഏറെ സുഖസൗകര്യങ്ങളും നല്ല കാലാവസ്ഥയും മുള്ള ഒരു സ്ഥലത്തേയ്ക്കു് ഇവിടെനിൽക്കാലസമ്മേളനം മാറുന്നതിൽ എന്താണു് ഗവണ്മെൻറിന്റെ അഭിപ്രായം?

ശ്രീ. സി. അച്യുതമേനോൻ: എവിടെ മാറുന്നതിനും സൗകര്യം വേണം. അവിടെ താമസസൗകര്യം വേണം. മറ്റു സൗകര്യങ്ങളും നോക്കേണ്ടതായിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: ഈ വിഷയത്തെപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ?

മി. സ്പീക്കർ: ആർഡർ, ആർഡർ.

സർവ്വീസു് സംയോജനം.

* 1453. [9] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സർവ്വീസു് സംയോജനം എല്ലാ ഡിപ്പാർട്ടുമെൻറുകളിലും പൂർത്തിയായി കഴിഞ്ഞുവോ;

(ബി) സർവ്വീസു് സംയോജനത്തെ തുടർന്നു് എത്ര അപ്പീലുകൾ ഫയലാക്കപ്പെട്ടിട്ടുണ്ടു്; ഓരോ ഡിപ്പാർട്ടുമെൻറിലുമെത്ര;

(സി) ഫയലാക്കപ്പെട്ട അപ്പീലുകളിൽ ഇതിനകം എത്രയെണ്ണം തീരുമാനിക്കപ്പെട്ടുകഴിഞ്ഞു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) 1110. വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ടു് †

(സി) ഇൻഡ്യാഗവണ്മെൻറിൽനിന്നും ഇതേവരെയായി ഒരു അപ്പീലിൽ തീരുമാനം ലഭിച്ചിട്ടുണ്ടു്. മറ്റുള്ള അപ്പീലുകളും ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

Shri C. Achutha Menon: I think so. The statement has been prepared and I had arranged it to be placed on the table.

Shri M. Narayana Kurup: The Speaker has been repeating always that when a statement is placed on the table the Member should be supplied with a copy. But I have not received a copy.

Shri C. Achutha Menon: Yes. The statement is placed on the table.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ സംയോജനം കഴിയാത്ത ഡിപ്പാർട്ടുമെൻറുകൾ ഏതെല്ലാമാണു്?

ശ്രീ. സി. അച്യുതമേനോൻ: സംയോജനം കഴിയുക എന്നു പറഞ്ഞാൽ, ഇപ്പോഴുള്ള നില എന്താണെന്നുവച്ചാൽ, സംയോജനത്തിന്റെ ഫലമായി 30 ഡിപ്പാർട്ടുമെൻറുകളിൽനിന്നും അപ്പീലുകൾ കിട്ടിയിട്ടുണ്ടു്. അതിന്റെ എണ്ണമാണു് 1,110 എന്നു പറഞ്ഞതു്. അതേപ്പറ്റി പരിശോധിച്ചുവരിക

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഇൻക്രിമെന്റ് തത്വങ്ങൾ അംഗീകരിച്ചതിനുശേഷം കരട് ഇൻക്രിമെന്റഡ് ലിസ്റ്റുകൾ ഏതാണ്ട് വകുപ്പുകളിൽ പൂർത്തിയായിട്ടുണ്ട്. അതിനെ സംബന്ധിച്ചിടത്തോളംതന്നെ 251 അപ്പീലുകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ബാക്കിയുള്ള ഡിപ്പാർട്ടുമെന്റുകളുടെ ഇൻക്രിമെന്റഡ് ലിസ്റ്റുകൾ എന്നാണ് പൂർത്തിയാകുന്നത്?

ശ്രീ. സി. അച്യുതമേനോൻ : അതു തയാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഏതാണ് ഈ 6 ഡിപ്പാർട്ടുമെന്റുകൾ?

ശ്രീ. സി. അച്യുതമേനോൻ : സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്; മുനിസിപ്പൽ ഡിപ്പാർട്ടുമെന്റ്, ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ലാ ഡിപ്പാർട്ടുമെന്റ്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആൻഡ് സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റ്, ലോക്കൽഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം.

* 1454. [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇപ്പോൾ ഒഴിവുകൾ സംഭവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹൈക്കോടതി ജഡ്ജിമാരുടെ സ്ഥാനങ്ങൾ ഒഴിവുവന്നിട്ടുണ്ട്;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെല്ലാം?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ട്.

(ബി) രണ്ട്.

(സി) ഉണ്ട്.

(ഡി) ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ രഹസ്യമായതിനാൽ അതു വെളിപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ എം. സി. ഏബ്രഹാം: ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം നടത്തുമ്പോൾ ഇത്ര ശതമാനം ബാറിൽനിന്നും വേണമെന്നൊരു ചട്ടം ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ലേ?

ശ്രീ. സി അച്യുതമേനോൻ : അങ്ങനെയൊരു കൺവൻഷനുണ്ട്; ചട്ടമുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. പി. ടി. ചാക്കോ : നിയമനം സംബന്ധിച്ച കാര്യങ്ങൾ രഹസ്യമാണെങ്കിലും, ഹൈക്കോടതി ജഡ്ജിയായി ഒരു മുസ്ലീമിനെ ഗവണ്മെന്റ് നിയമിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി മന്ത്രിസഭയിലെ ചില അംഗങ്ങൾതന്നെ പ്രസ്താവിച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX

[*Please see answer to Question* No. 1453 (9)]

1	Agriculture Department	7
2	Agricultural Income tax & Sales tax Department	166
3	Animal Husbandry	7
4	Co-operative Department	61
5	Education Department	172
6	Electricity Department	9
7	Excise Department	9
8	Finance Department	16
9	Fisheries Department	27
10	Forest Department	8
11	Harijan Welfare Department	2
12	Health Services Department	124
13	Industries Department	15
14	Handloom Department	4
15	Judicial Department	67
16	Labour Department	8
17	Land Revenue Department	4
18	Law Department	4
19	Local Fund Audit Department	74
20	Local Bodies	19
21	Motor Vehicles Department	5
22	Police Department	21
23	Ports Department	17
24	Prisons Department	21
25	Registration Department	47
26	Statistics Department	10
27	Survey Department	22
28	Public Works Department	28
29	Printing Department	18
30	Secretariat	115
31	Employment Department	2
32	Development Department	1
		1,110

LIBRARY ARCHIVES Kerala Legislative Assembly